# കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

## പുനർ ദർഘാസ് പരസ്യം

തീയതി : 29.01.2020

എ.ഇ(3)1199/19

കേരള ഗവർണ്ണർക്കു വേണ്ടി തിരുവനന്തപുരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെപ്പറയുന്ന പ്രവൃത്തിക്ക് നിശ്ചിത യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ലിമിറ്റഡ് ദർഘാസുകൾ മുദ്രവച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. കവറിന്റെ പുറത്ത് പ്രവൃത്തിയുടെ പേര് എഴുതിയിരിക്കേണ്ടതാണ്. ദർഘാസുകൾ 10.02.2020 ഉച്ചയ്ക്ക് 2.30 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം 3.00–ന് ഹാജരുള്ള കരാറുകാരുടേയോ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന ഏജന്റുമാരുടേയൊ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. പ്രസ്തുത ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമായി വന്നാൽ അടുത്ത പ്രവൃത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്. പ്രവൃത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | ദർഘാസ് ഫോറത്തിന്റെ വില | കാലാവധി |
|---|---|---|---|---|
| ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിലെ സീഡ് സ്റ്റോറിന്റെ അറ്റകുറ്റപ്പണികൾ | 1,90,733 (Excluded GST) | 5700/- | 450/-+81 (GST) | 2 മാസം |

ദർഘാസ് ഷെഡ്യൂളുകൾ തിരുവനന്തപുരം ആനയറയിലുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിൽ നിന്നും അന്നേ ദിവസം 1.00 മണി വരെ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ സമർപ്പിക്കേണ്ടതും, ദർഘാസ് പ്രമാണം അംഗീകൃത കരാറുകാർക്കു മാത്രം നൽകുന്നതും ആയത് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) തിരുവനന്തപുരം എന്ന പേരിൽ അടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം 500/- രൂപ മുദ്രപ്പത്രത്തിൽ പ്രിലിമിനറി എഗ്രിമെന്റ് നിശ്ചിത ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്. പൊതുമരാമത്ത് വകുപ്പിലെ ദർഘാസിനെ സംബന്ധിക്കുന്ന എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം
ആനയറ.പി.ഒ, തിരുവനന്തപുരം
Phone : 0471 2743820 Email aeeagritvm@gmail.com

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കൃഷി) തിരുവനന്തപുരം.

Scanned by CamScanner